യാവന്തോ വിഷയാ: പ്രേഷ്ഠാസ്ത്രിലോക്യാമജിതേന്ദ്രിയം
നശക്നുവന്തി തേ സർവേ പ്രതിപൂരയിതും നൃപ (8–19–21)
തസ്മാത് ത്രീണി പദാന്യേവ വൃണേ ത്വദ്വരദർഷഭാത്
ഏതാവതൈവ സിദ്ധോƒഹം വിത്തം യാവത് പ്രയോജനം (8–19–27)

*ശുകമുനി തുടർന്നു:*
ഭഗവാൻ, ബലിയുടെ വാക്കുകളിൽ അതീവ സന്തുഷ്ടനായി ഇങ്ങിനെ മറുപടിയരുളി. മഹാരാജൻ, അങ്ങയുടെ പ്രപിതാമഹാന്മാരുടെ യശസ്സിനുതകുംവിധമാണങ്ങു സംസാരിക്കുന്നത്. മുത്തച്ഛനായ ഭക്തോത്തമൻ പ്രഹ്ലാദൻെറ യശസ്സിനും ചേർന്ന വിധമാണവിടുന്ന് നൽകിയ സ്വീകരണം. അങ്ങയുടെ കുലത്തിൽ പിറന്ന ആരും ഒരു ഭിക്ഷാംദേഹിയെ വെറും കയ്യോടെ പറഞ്ഞയക്കുകയോ ഏതെങ്കിലും യുദ്ധത്തിൽ നിന്നു പിന്മാറുകയോ ചെയ്തിട്ടില്ല. വിഷ്ണു, ഹിരണ്യാക്ഷനെ വധിച്ചുവെങ്കിലും അതിനുശേഷം ഏറെക്കാലം തൻെറ ശത്രുവിൻെറ അപദാനങ്ങൾ ഭഗവാൻ തന്നെ പറഞ്ഞിരുന്നു. സഹോദരൻെറ വധത്തെപ്പറ്റി അറിഞ്ഞ ഹിരണ്യകശിപു വിഷ്ണുസവിധത്തിൽ പ്രതികാരത്തിനായി ചെന്നു. വിഷ്ണുവിന് അവനെ നേരിടണമെന്നു ണ്ടായിരുന്നില്ല. അതുകൊണ്ട് ഭഗവാൻ സ്വയം ചെറിയ രൂപമെടുത്ത് അസുരൻെറ നാസികകളിലൂടെ കയറി അവൻെറ ഹൃദയത്തിൽ സ്ഥാനം പിടിച്ചു. ഹിരണ്യകശിപു പുറമെയെല്ലാം തിരഞ്ഞുവെങ്കിലും വിഷ്ണുവിനെ കാണായ്കയാൽ വിഷ്ണു ജീവിച്ചിരിപ്പില്ലെന്ന നിഗമനത്തിലെത്തി തിരച്ചിൽ അവസാനിപ്പിച്ചു. ശത്രുത നിലനിൽക്കുന്നത് ശ്മശാനം വരെ മാത്രമെയുള്ളു. നിങ്ങളുടെ കുലത്തിൽ വിരോചനൻ ദേവന്മാർക്കു വേണ്ടി സ്വയം ബലികഴിച്ചു. താങ്കൾ ഈ കുലത്തിൻെറ യോഗ്യതക്കു ചേർന്ന അനന്തരാവകാശിയെന്നറിവുള്ളതിനാൽ എൻെറ മൂന്ന് കാലടിയാൽ അളക്കാവുന്നത്ര ഭൂമിയാണ് ഞാൻ ദാനമായി ചോദിക്കുന്നത്.

തൻെറ പ്രപിതാമഹാന്മാരുടെ അപദാനങ്ങൾ അതിഥി പറയുന്നത് കേട്ട് ബലി സന്തുഷ്ടനായി. എന്നാൽ കുറച്ചുകൂടെ എന്തെങ്കിലും ദാനം ആവശ്യപ്പെടാൻ വാമനനോടഭ്യർത്ഥിച്ചു. എൻെറയടുത്തു നിന്നും പോവുന്നവർ പിന്നീട് യാചിക്കാനിടവരരുത്. അതിനു മറുപടിയായി ഭഗവാൻ ഇങ്ങിനെ പറഞ്ഞു: മൂന്നു ലോകങ്ങളിലേയും വസ്തുവകകൾ കൊണ്ടുപോലും ഇന്ദ്രിയനിയന്ത്രണമില്ലാത്ത ഒരുവന് സംതൃപ്തി യുണ്ടാക്കുക അസാദ്ധ്യം. കൂടുതൽ കിട്ടുന്തോറും ഇനിയും കൂടുതൽ വേണമെന്ന ആഗ്രഹം അവനുണ്ടാവുന്നു. അസംതൃപ്തിയും അത്യാഗ്രഹവും ജീവാത്മാക്കളുടെ ദേഹാന്തരപ്രാപ്തിക്കിടവരുത്തുന്നു. സംതൃപ്തി, മുക്തി ലഭിക്കാൻ സഹായിക്കുന്നു. അതുകൊണ്ട് ഈ മൂന്നടി ഭൂമികൊണ്ട് ഞാൻ സംതൃപ്തനാണ്. വാമനൻെറ അപക്വതയിൽ പരിഹാസപൂർവ്വം ചിരിച്ച് വാമനന് ഭൂമി നൽകാൻ ബലി എഴുന്നേറ്റു. എന്നാൽ ശുക്രമുനി ബലിയെ തടഞ്ഞു. രാജാവേ, ഈ കുള്ളൻ ബ്രാഹ്മണൻ ഭഗവാൻ വിഷ്ണു തന്നെയാണ്. അങ്ങയുടെ ആധിപത്യം നശിപ്പിക്കാനായി ഇങ്ങിനെയൊരു ദാനമാവശ്യപ്പെടുകയാണ്. ക്ഷണനേരം കൊണ്ട് വിശ്വരൂപം പൂണ്ട് വിശ്വം മുഴുവനും രണ്ടു ചുവടുകൊണ്ടളന്നാൽ മൂന്നാമത്തെ ചുവടിനു സ്ഥലം കൊടുക്കാൻ അങ്ങേയ്ക്കാവുമോ? അങ്ങയുടെ ഈ ദാനപ്രതിജ്ഞയെ ഞാൻ അംഗീകരിക്കുന്നില്ല. ഒരു ഗൃഹസ്ഥൻ തൻെറ സമ്പാദ്യം ഉപയോഗിക്കേണ്ടത് ധാർമ്മീകപുണ്യം, അഭിമാനം, ധനസമ്പാദനം, വിനോദം എന്നിവയ്ക്കും സ്വന്തം ആവശ്യങ്ങൾക്കും ബന്ധുമിത്രാദികൾക്കുവേണ്ടിയും ആണ്. താങ്കൾ സ്വയം ഉപജീവനമാർഗ്ഗം കൊടുത്തു കളയരുത്. എല്ലാ ഭിക്ഷാംദേഹികളോടും –ഓം– എന്നുച്ചരിച്ച് ദാനം ചെയ്യുന്നവരുടെ സ്വത്ത് നശിക്കുകയും അവരുടെ ശേഷകാലം അസംതൃപ്തമായിരിക്കുകയും ചെയ്യും. എന്നാൽ സ്വത്തുള്ളപ്പോൾ – ഇല്ല– എന്നു പറയുന്നവൻ തൻെറ അഭിമാനം കളഞ്ഞ് –ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും– എന്ന മട്ടിലുള്ള ജീവിതം നയിക്കുന്നു. എന്നാൽ സ്വരക്ഷയ്ക്കു വേണ്ടിയും അക്രമമില്ലാതാക്കാൻ വേണ്ടിയും, സ്ത്രീകളോടും, തമാശയായിട്ടും, വിവാഹത്തിനും, ജീവരക്ഷയ്ക്കും, അത്യാപത്തിലും, ഗോരക്ഷയ്ക്കും, മഹാത്മാക്കളുടെ രക്ഷയ്ക്കും, പ്രതിജ്ഞാ ലംഘനം ആകാം. കള്ളത്തരം അങ്ങിനെ ജീവരക്ഷ നൽകുമ്പോൾ ജീവവൃക്ഷത്തിൻെറ ഫലം സത്യം തന്നെയത്രെ.